# നാനാത്വത്തിൽ ഏകത്വം

• ലിഷ ആസാദ്



റമദാൻ മാസത്തിലെ ഒരു വൈകുന്നേരം. അൽപനേരം കഴിഞ്ഞാൽ മഗ്‌രിബ് നമസ്കാരത്തിന് ബാങ്ക് വിളിക്കും. റമദാനിലെ അവസാനത്തെ നോമ്പുകളിലൊന്ന് തുറക്കാൻ പോവുകയാണ് ഞങ്ങൾ. ഇതൊരു സാധാരണ നോമ്പുതുറയല്ല. ലോകത്തിലെ ഏറ്റവും വിശുദ്ധമാക്കപ്പെട്ട മുസ്‌ലിം നഗരമായ മക്കയിലെ മസ്ജിദുൽഹറാമിൽ വെച്ചുള്ള നോമ്പ് തുറയാണിത്. നവദമ്പതികളായ ഞാനും ഭർത്താവും അല്ലാഹുവിന്റെ അതിഥികളായി ഉംറ നിർവഹിക്കുവാൻ വേണ്ടി കഴിഞ്ഞ ദിവസമാണ് ഇവിടെ എത്തിയത്.

മഗ്‌രിബ് നമസ്കാരം കഴിഞ്ഞ് പള്ളിയിൽ ഇരിക്കവെ എനിക്ക് ചുറ്റുമുള്ള സ്ത്രീകളെ ഞാൻ നിരീക്ഷിച്ചു. എന്റെ വലതു ഭാഗത്ത് സുഡാനി സ്ത്രീ, ഇടത് വശത്ത് അറബി മങ്ക, മുന്നിൽ യൂറോപ്പു ലേഡി, കുറച്ചപ്പുറം കൂട്ടം പാകിസ്ഥാനി വനിതകൾ, അവരിൽ നിന്നും അൽപമകലെ ഏതാനും മലയാളിപ്പെണ്ണുങ്ങൾ... മുസ്‌ലിം സ്ത്രീകളുടെ ഇതുപോലൊരു അന്തർദ്ദേശീയസംഗമം ഇന്ത്യയിൽവെച്ച് ഒരിക്കലും എനിക്ക് കാണാൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം ഞാൻ ഓർത്തു.

ദീർഘകാലം ജന്മനാട്ടിൽ നിന്ന് അകന്നുള്ള ജീവിതം തീർച്ചയായും അനുകൂലവും പ്രതികൂലവുമായ ഫലങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ജീവിതത്തിലെ കൊച്ചുകൊച്ചു മുഹൂർത്തങ്ങൾ പലതും എനിക്കും എന്റെ കുടുംബത്തിനും നഷ്ടപ്പെട്ടു. ആഹ്ലാദകരമായ ശിശുപ്പിറവികൾ, വർണപ്പകിട്ടാർന്ന വിവാഹാഘോഷങ്ങൾ, ദുഃഖകരമായ മരണങ്ങൾ... ഇവയെല്ലാം കത്തുകളിലൂടെയും ടെലിഫോൺ സംഭാഷണങ്ങളിലൂടെയുമാണ് ഞങ്ങൾ പങ്കുവക്കാറുള്ളത്. മറ്റു പല കുടുംബങ്ങൾക്കും സ്ഥിരമായി ലഭിച്ചുകൊണ്ടിരിക്കുന്ന ഉമ്മ-ബാപ്പാമാരുടെയും വല്യുമ്മ-വല്യുപ്പമാരുടെയും സ്നേഹവാത്സല്യങ്ങൾ ഞങ്ങളെപ്പോലുള്ള പ്രവാസികൾക്ക് കിട്ടാക്കനികളാണ്. കടുത്ത ഏകാന്തതയുടെയും ഗൃഹാതുരത്വത്തിന്റെയും പിശാചുക്കളുമായി ഓരോ നിമിഷവും പടപൊരുതിക്കൊണ്ടിരിക്കേണ്ട അവസ്ഥയും പലർക്കുമുണ്ട്.

എന്നാൽ, ഗൾഫിന്റെ പുത്രി എന്ന നിലക്ക് എന്നെ സംബന്ധിച്ചിടത്തോളം ഇത്തരം നിഷേധാത്മക ഫലങ്ങളേക്കാൾ എത്രയോ കനപ്പെട്ടതാണ് അതിന്റെ ക്രിയാത്മക സ്വാധീനങ്ങൾ. ഇന്ത്യയുടെയും ലോകത്തിന്റെയും വിവിധ ഭാഗങ്ങളിൽ നിന്നുള്ള ആളുകളുമായി ആശയവിനിമയം നടത്താനും അതിലൂടെ വ്യത്യസ്ത ഭാഷകളും സംസ്കാരങ്ങളും ജീവിതശൈലികളും പരിചയപ്പെടുവാനും വളരെ ചെറിയ പ്രായത്തിലേ എനിക്ക് സാധിച്ചു. സഹിഷ്ണുത ശീലിക്കുവാനും മറ്റുള്ളവരെയും അവരുടെ അഭിപ്രായങ്ങളെയും ആദരിക്കുവാനും അതെന്നെ പഠിപ്പിച്ചു. ചില കാര്യങ്ങൾ കൂടുതൽ നന്നായും പുതുമയാർന്ന രീതിയിലും എങ്ങനെ ചെയ്യാമെന്ന് എനിക്കും എന്റെ കുടുംബത്തിനും കാണിച്ചുതരാൻ മറ്റുള്ളവർക്ക് സാധിക്കുമെന്നുള്ള പാഠവും അതിലൂടെ ഞാൻ പഠിക്കുകയുണ്ടായി.

നീണ്ടകാലം ഇവിടെ ജീവിക്കുക വഴി ഇന്ത്യയുടെയും ലോകത്തിന്റെയും പല ഭാഗങ്ങളിൽ നിന്നുള്ള ധാരാളം സുഹൃത്തുക്കളെ സമ്പാദിക്കാനും എനിക്ക് കഴിഞ്ഞിട്ടുണ്ട്. അനേകം രാജ്യങ്ങളിലെ ഭക്ഷണവിഭവങ്ങളുടെ രുചിയറിയാനുള്ള സൗഭാഗ്യവും അത് ഞങ്ങൾക്ക് നൽകി. സൂപ്പർ മാർക്കറ്റ് ഷെൽഫുകളെ അലങ്കരിക്കുന്ന വൈവിധ്യമാർന്ന ഭക്ഷണപദാർത്ഥങ്ങളുടെയും ചേരുവകളുടെയും സഹായത്തോടെ പുതിയ പാചകരീതികൾ പരിശീലിക്കുവാനും എനിക്കും എന്റെ കുടുംബത്തിനും അവസരം ലഭിച്ചു. അങ്ങനെ വടക്കേ ഇന്ത്യക്കാരുടെ ചോലെ ബത്തൂരി, ലബനാനികളുടെ ഹുമ്മാസ്, ബഹറൈൻകാരുടെ മച്ചൂസ്, ഇറ്റാലിയൻ പിസ്സ തുടങ്ങിയ വിഭവങ്ങളെല്ലാം ഞങ്ങളുടെ പ്രതിമാസ മെനുവിന്റെ ഭാഗമായി.

ഗൾഫിലായതു കൊണ്ടാണ് എന്റെ ഇംഗ്ലീഷ്, ഹിന്ദി ഭാഷാ നൈപുണ്യം കുറ്റമറ്റതാക്കാനും അറബി/ഖുർആൻ വാക്കുകളുടെ ഉച്ചാരണം ശരിയാക്കുവാനും സാധിച്ചത്. മതപരമായി നോക്കുമ്പോൾ ഗൾഫിനേക്കാൾ നല്ല മറ്റൊരു സ്ഥലമില്ല. കാരണം, ഈ ഭൂപ്രദേശത്ത് വെച്ച് നമസ്കരിക്കുമ്പോൾ മനസ്സിന് ലഭിക്കുന്ന സവിശേഷമായ ഒരു ശാന്തിയുണ്ട്. പവർക്കട്ടും സമരങ്ങളും വിവരമറിയിക്കാതെ കയറിവരുന്ന അതിഥികളും ദൈനംദിന ജീവിതചര്യകളെ താളംതെറ്റിക്കുന്ന ഇന്ത്യയിൽ വളരെ അപൂർവമായി മാത്രമേ അത്തരമൊരനുഭൂതി ലഭിക്കാറുള്ളൂ.

ചുരുക്കത്തിൽ ഇവയെല്ലാം കൂടി ഗൾഫിനെ എന്റെ സ്വന്തം വീടാക്കി മാറ്റിയിരിക്കുന്നു. ഏതാണ്ട് എന്റെ ജന്മനാട് പോലെ തന്നെയാണ് എനിക്കത്. ഇന്ത്യയെക്കുറിച്ച് എനിക്ക് അഭിമാനമുണ്ടെങ്കിലും ഇന്ത്യയിലായിരിക്കുമ്പോൾ പലപ്പോഴും വിദേശിയാണെന്നൊരു തോന്നൽ അനുഭവപ്പെടാറുണ്ട്. കുടുംബത്തോടും സുഹൃത്തുക്കളോടുമൊപ്പം ഏതാനും മാസം കേരളത്തിൽ ചെലവഴിച്ച ശേഷവും ഗൾഫിലെ മരുഭൂമിയുടെ ഉഷ്ണത്തിലേക്ക് മടങ്ങുവാൻ എന്റെ മനസ്സ് തിടുക്കം കൂട്ടുന്നത് അതുകൊണ്ടാവാം.

ഹൃദയമെവിടെയാണോ അതാണ് വീട് എന്ന് പറയാറുണ്ടല്ലോ. ഇപ്പോൾ ഗൾഫിലാണെന്റെ ഹൃദയം.